17-09-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/09/2022.

1. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മൂല്യവർദ്ധിത കൃഷി മിഷൻ രൂപീകരിക്കുന്നതെന്ന് കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷിയിലേക്കായിരിക്കും ഉൽപാദന മേഖലയിലുള്ള 'കൃഷി കൂട്ടങ്ങൾ' പ്രഥമ പരിഗണന നൽകുന്നത്. കേരളത്തിന്റെ തനത് ആഹാരങ്ങൾ അന്തർദേശീയ അടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്യാൻ ഈ മിഷൻ വിഭാവനം ചെയ്യുന്നു.

2. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, ചമ്പക്കുളം, കൈനകരി, നെടുമുടി, എടത്വാ, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്, കരുവാറ്റ, ആലപ്പുഴ എന്നീ കൃഷിഭവനുകളുടെ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശം പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ **ഞങ്ങളും കൃഷിയിലേക്ക്** എന്ന വിഷയത്തെ അടിസ്ഥാനമാക്കി നോൺ ചാനൽ വിഭാഗത്തിലും ടിവി ചാനൽ വിഭാഗത്തിലും ഡിജിറ്റൽ വീഡിയോ മത്സരം, ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം, കാർഷിക ലേഖന രചന മത്സരം, കാർഷിക ചെറുകഥ രചന മത്സരം എന്നിവയ്ക്കായി എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ ഈ മാസം 30-ന് (സെപ്റ്റംബർ 30) മുൻപായി **എഡിറ്റർ, കേരള കർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-03** എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

fibshortfilmcontest@gmail.com എന്ന ഇമെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പറിലോ, fibkerala എന്ന ഫേയ്സ്ബുക്ക് പേജിൽ മെസഞ്ചർ വഴിയോ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2314358, 6238039997** എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. **ആര്യങ്കോട്** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഈ മാസം 19,20,22,23 തീയതികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ **സെപ്റ്റംബർ 20, 23, 27, 30** തീയതികളിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ലോക റാബീസ് ദിനാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 28-ന് മണ്ണുത്തി വെറ്ററിനറി കോളേജ് രോഗപ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്റിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്റിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടു മണി വരെ ഓമനമൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുകയാണ്. കോവിഡ് പ്രതിരോധചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളൂ. താൽപര്യമുള്ളവർ സെപ്റ്റംബർ 20 തീയതിക്ക് മുമ്പായി രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ, **0487 2972065** എന്ന നമ്പറിലേക്ക് വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടികൾ

7. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ശാസ്ത്രീയ മണ്ണ് സംരക്ഷണ മുറകൾ, ശാസ്ത്രീയ വളപ്രയോഗം, കുരുമുളക് കൃഷി, തീറ്റപ്പുൽ കൃഷി, വീട്ടുവളപ്പിലെ ജൈവ മാലിന്യ സംരക്ഷണ മാർഗ്ഗങ്ങൾ, നഴ്സറി പരിപാലനം, പഴം – പച്ചക്കറി സംസ്ക്കരണം, കോഴി വളർത്തൽ, കൂൺ കൃഷി,**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പച്ചക്കറി കൃഷിയിലെ നല്ല കാർഷിക മുറകൾ** എന്നീ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം ഈ മാസം 19,20 (സെപ്റ്റംബർ 19, 20) തീയതികളിൽ മുട്ട കോഴിവളർത്തൽ 23, 24 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 26ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ 10. 30 മുതൽ 3 മണി വരെ **0479 2457778** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം **19, 20** (സെപ്റ്റംബർ 19,20) തീയതികളിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് ട്രെയിനിംഗിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. **കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കിതളിക്കുക. നീർവാർച്ചയും വളക്കൂറുമുള്ള പശിമരാശിമണ്ണാണ് പച്ച ക്കറികൃഷിയ്ക്ക് ഉചിതമായിട്ടുള്ളത്. മണൽ മണ്ണാണെങ്കിൽ ജൈവവളം കൂടുതലായി ചേർക്കണം. വെള്ളവും വെളിച്ചവും കിട്ടുന്ന സ്ഥലമാണ് പച്ചക്കറികൃഷിയ്ക്ക് അനുയോജ്യം. കിണർ, കുളം എന്നിവ യുടെ അടുത്തായി കൃഷിചെയ്യുന്നത് നനയ്ക്കാനുള്ള സൗകര്യം കൂട്ടും. അലക്കുപൊടികൾ, സോപ്പ് എന്നിവ കലർന്ന വെള്ളം മണ്ണിനും വിളകൾക്കും നന്നല്ല. നല്ല വിളവ് തരുന്ന രോഗപ്രതിരോധശേഷി യുള്ള പച്ചക്കറിയിനങ്ങൾ വേണം നടാനായി തെരഞ്ഞെടുക്കേണ്ടത്. കാർഷികസർവ്വകലാശാല വികസിപ്പി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്തുകൾ മണ്ണുത്തിയിലുള്ള സെയിൽസ് കൗണ്ടറിൽ വില്പനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487 2370540** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം